‘വരുണനും ഋതവും’ എന്ന ലേഖനത്തോടുള്ള പ്രതികരണം

# ഋഗ്വേദകാലത്തെ ഋതബദ്ധ സമൂഹം

**ഗോപിനാഥ് മേപ്പയിൽ**

**സൈന്ധവർക്കു** ശേഷം ഇന്ത്യയിലുണ്ടായിരുന്ന ആദ്യകാല സംസ്കാരത്തിന്റെ പ്രകടന പത്രികയാണ് നാടൻ പാട്ടിന്റെ രൂപത്തിൽ തലമുറകൾ കൈമാറിവന്ന ഋഗ്വേദം. അതിലെ നന്നാലുവരി സ്തുതിയെ ‘ഋക്ക്’ എന്നു പറയും. മന്ത്രം എന്നും പറയാറുണ്ട്. ഇതിൽ അധിക ഋക്കുകളും ഇന്ദ്രനെ വിളിക്കുന്ന രൂപത്തിലാണുള്ളത്. ഇന്ദ്രൻ ഒരു ദൈവമായല്ല, വീരപരാക്രമിയായ നായകനായാണ്, വിശേഷിച്ചും ഒരു ഗോത്രത്തലവനോ ഗോത്ര രാജാവോ ആയാണ് നമുക്ക് തോന്നുക. അർച്ചകരുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു നായകൻ, അല്ലെങ്കിൽ തന്റെ ഗോത്രത്തിന്റെ സുരക്ഷിതത്വം കണ്ടറിഞ്ഞു പ്രവർത്തിക്കുന്ന ഒരു ഗോത്രത്തലവൻ. ഇന്ദ്രന്റെ അപദാനങ്ങളെക്കുറിച്ച് വർണ്ണനകൾ, വർണ്ണനാരീതി, വർണ്ണനയിൽ കാണുന്ന ഇന്ദ്രനോടുള്ള അതിയായ അടുപ്പം എന്നിവ ഈ നിഗമനത്തിലാണ് ഋഗ്വേദ വായനക്കാരെ കൊണ്ടുചെന്നെത്തിക്കുക.

‘ഋക്ക്’ എന്നതിന് അർച്ചന എന്നും അർഥമുണ്ട്. ഇന്ദ്രനെ കൂടാതെ വരുണൻ, മിത്രൻ, അഗ്നി, പൂഷാവ്, ത്വഷ്ടാവ്, ഉഷസ്സ് തുടങ്ങിയവരെയും ഇതിൽ അർച്ചന ചെയ്യുന്നുണ്ട്. തവളകളും പക്ഷികളും ചിത്രത്തിൽ വരുന്നുണ്ട്. നിത്യജീവിതത്തിൽ തങ്ങൾക്കാവശ്യമുള്ളതെല്ലാം തരാനാണ് അർച്ചകർ സ്തുതികളിലൂടെ ആവശ്യപ്പെടുന്നത്. “ഗർഭത്തിൽ അണ്ഡരൂപത്തിലുള്ള തങ്ങളുടെ കുഞ്ഞുങ്ങളെ പിളർക്കരുതെന്നും ഓടിനടക്കുന്ന തങ്ങളുടെ കുട്ടികൾക്കും മുട്ടുകുത്തി നടക്കുന്ന കിടാങ്ങൾക്കും കേടുവരുത്തരുതേ” (1.104.8) എന്നുമാണ് ഒരു പ്രാർഥന. “അല്ലയോ മിത്ര വരുണന്മാരേ, നിങ്ങൾക്കു വേണ്ടിയാണ് ഈ സോമം സംസ്കരിച്ചിരിക്കുന്നത്... എന്റെ തന്നെ വിളിയെ ഈ യാഗത്തിൽ കേട്ടാലും” (2.41.4). ഇങ്ങനെ സോമമദ്യം കുടിക്കാൻ വേണ്ടി ഒരർച്ചകൻ ക്ഷണിക്കുകയാണ്. “അല്ലയോ ബൃഹസ്പതേ, ഞങ്ങളുടെ ശത്രുക്കളെ ആയുധങ്ങളാൽ ജയിച്ചാലും, വജ്രായുധം ഏൽപിച്ചാലും” (2.30.9). “ധനം ഈ ജന്മത്തിൽ ഈ ശരീരത്തിന് അനുഭവിക്കാനായി തന്നരുളുക” (2.17.17). “തങ്ങളുടെ കാമം ജ്വലിപ്പിച്ചു നിർത്തണേ” (1.81.8) എന്നും ആവശ്യപ്പെടുന്നു. ഇങ്ങനെ എല്ലാതരത്തിലുള്ള ഭൗതിക സുഖങ്ങൾക്കും വേണ്ടിയുള്ള പരിവേദനങ്ങളാണ് ഋക്കുകളിൽ പലേടങ്ങളിലും തെളിഞ്ഞുവരുന്നത്. അത് അർച്ചകരുടെ ലഘുചിത്തതയാണ് കാണിക്കുന്നത്. തങ്ങളുടെ സ്വന്തം പ്രതിഛായയിൽ ദൈവങ്ങളെ നിർമിക്കുകയാണിവിടെയെല്ലാം. പ്രകൃതിശക്തികളാണ് ഇവിടെ പലതരം ദേവതകളായിത്തീരുന്നത്.

ഖുർആനിലെ ‘അല്ലാഹു’വിനെയോ ഉപനിഷത്തുകളിലെ ‘ബ്രഹ്മ’ത്തെയോ അതുപോലുള്ള മറ്റെന്തിനേയോ മേൽകൊടുത്ത ആചരണങ്ങളിൽ കാണുന്നില്ല. അതിനാൽ ഋഗ്വേദ സൂക്തത്തിൽ ഇല്ലാത്തത് വെച്ചുകെട്ടുകയാണ് കുഞ്ഞിമുഹമ്മദ് വേങ്ങര തന്റെ ‘വരുണനും ഋതുവും’ (*പ്രബോധനം* ലക്കം 39) എന്ന ലേഖനത്തിൽ. കാരണം ‘സത്യമായുള്ള ഒന്ന്’ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് പല ദേവതകളിൽ ഒന്നായ ആദിത്യനെയാണ്. ദീർഘതമസ്സിന്റെ 52 മന്ത്രങ്ങളിൽ (1.164.1–52) സൂര്യന്റെ പരസ്പര പൂരകമായ പല കൃത്യങ്ങളാണ് മനോഹരമായ കാവ്യ ബിംബങ്ങളിലൂടെ വർണിക്കപ്പെടുന്നത്. അതിൽ 46-ാമത്തെ മന്ത്രത്തിൽ സൂര്യന്റെ ചില പ്രത്യേക കൃത്യങ്ങൾ നടത്താൻ നിയുക്തരായ മിത്ര വരുണാദികളെക്കുറിച്ചും ഇന്ദ്രാദിരൂപങ്ങളെക്കുറിച്ചും അവ ആദിത്യന്റെ പേരുകൾ തന്നെയാണെന്നാണ് പ്രസ്താവിക്കുന്നത്. ‘ഒന്നിന്റെ പല പേര്’ എന്ന് ലേഖകൻ പരാമർശിക്കുന്ന ‘ആ ഒന്ന്’ ഈശ്വരനാണെന്ന് ആരോപിക്കുന്നത് ഋഗ്വേദ സന്ദർഭവും വിഷയപശ്ചാത്തലവും കണക്കിലെടുക്കാത്തതുകൊണ്ടാണ്. ഋഗ്വേദത്തിന്റെ സായണഭാഷ്യം പോലും ഈശ്വരനെ പരാ

മർശിക്കുന്നില്ല. ഋഗ്വേദത്തിലെ ആദിത്യൻ തുടങ്ങിയ ഏതു ദേവതയെയും 'ഏകവും സത്തുമായി' പരിഗണിക്കാം. ദേവത്വമോ ദൈവികത്വമോ ദിവ്യതയോ അല്ല മനുഷ്യതയാണ് ഈ ദേവതകളി ലൊക്കെ മുന്നിട്ടുനിൽക്കുന്നത്. ഏകേശ്വരനെക്കുറിച്ചല്ല, സർവനിയന്താവും സർവശക്തനുമായ ഈശ്വ രനെ കുറിച്ചല്ല പലതരം ദേവതകളെക്കുറിച്ചാണ് ഋഗ്വേദം പ്രതിപാദിക്കുന്നത്. പ്രകൃതിയെയും പ്രകൃ തിയിലെ പ്രതിഭാസങ്ങളെയും സത്യമായി അംഗീകരിക്കുകയാണ് ഋഗ്വേദം ചെയ്യുന്നത്. 'ഇന്ദ്രിയ പ്രത്യക്ഷ ജന്യമായ ലൗകിക ജ്ഞാനമാണ്' ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ഋഗ്വേദത്തിലെ പലതരം ദേവതകളിൽ സന്ദർഭാനുസരണം ഓരോരുത്തർക്ക് സ്തുതിഗീതം പാടി ആവശ്യമുള്ള തിന് അർഥിക്കുകയാണ് ഇന്തോ-ആര്യന്മാർ ചെയ്തിരുന്നത്. അർഥിച്ചത് കിട്ടുമെന്നും അവർ കരു തിപ്പോന്നു.

ഋഗ്വേദവും ഖുർആനും തമ്മിലുള്ള ഇടവേള 2000 വർഷങ്ങളിലധികമാണ്. ഉപനിഷത്തുകളു മായുള്ള ഇടവേളയാകട്ടെ എണ്ണൂറിലധികം വർഷങ്ങളാണ്. ഭക്തിയോഗം, കർമയോഗം, ജ്ഞാന യോഗം എന്നിവ ലേഖകൻ പരാമർശിക്കുന്നതുകൊണ്ട്, മഹാഭാരതവുമായുള്ള ഇടവേള പരിഗണി ക്കുകയാണെങ്കിൽ അത് ഏകദേശം 900 വർഷങ്ങളിൽ അധികമായിരിക്കും. ജ്ഞാനയോഗത്തിന് സത്വഗുണവും കർമയോഗത്തിന് രജോഗുണവും ഭക്തിയോഗത്തിന് തമോഗുണവും കൽപിച്ചുകൊ ടുക്കുന്ന ലേഖകൻ എന്തുകൊണ്ട് യോഗമാർഗത്തെക്കുറിച്ച് മിണ്ടുന്നില്ല? അതിന് കൽപിച്ചുകൊടു ക്കാൻ ഗുണം ബാക്കിയില്ലാത്തതുകൊണ്ടാണോ? ഇന്ദ്രനു വേണ്ടി കാളയിറച്ചി വേവിച്ചുകൊടുക്കുന്ന വിഷ്ണു പ്രബലനും പ്രമുഖനും ആയത് മഹാഭാരകാലം കഴിഞ്ഞ് 'വിഷ്ണുപുരാണ'വും 'ഹരിവംശ'വും രചിച്ച സമയത്താണ്. അതിനു മുമ്പുതന്നെ ഇന്ദ്രനെ തുരത്തി കൃഷ്ണൻ പ്രബലനായിത്തീർന്നിരു ന്നു. പറഞ്ഞുവരുന്നത് കാലപരിഗണനയില്ലാതെ, നിലവിലുള്ള സമൂഹ സവിശേഷതകൾ ഉൾക്കൊ ള്ളാതെ, സമൂഹത്തെ വേർപെടുത്തി നിർത്തി 'ഋതം', 'വരുണൻ' തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്താൽ ആരും എങ്ങും ചെന്നെത്തുകയില്ല എന്നാണ്.

ഇംഗ്ലീഷിലെ 'റിഥ'(Rhythm)ത്തെ പോലെ പ്രപഞ്ചത്തിന്റെ താളമാണ് ഋതം. മനുഷ്യന്റെ മാത്ര മല്ല, ദേവന്മാരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും ജീവിതതാളമാണ് ഋതം. ഋതം സാക്ഷാ ത്കരിക്കാൻ വേണ്ടി അവനവൻ ചെയ്യേണ്ട കാര്യങ്ങളാണ് ദൈനംദിന പ്രവൃത്തികളാണ് 'വ്രതം'. 'വ്രതം' തെറ്റിയാൽ 'ഋതം' കൈവിട്ടുപോകും. ഈ വ്രതം തങ്ങളുടെ ജീവിതവൃത്തിയായി കണ്ടതു കൊണ്ടാണ് ജീവിതത്തിന്റെ സമസ്ത ഘട്ടങ്ങളിലും പക്ഷികളും ദേവതകളുമടക്കമുള്ള എല്ലാറ്റിനെ യും ഉലക്ക, ഉരൽ, സോമം ചതയ്ക്കുന്ന പടിക്കല്ല്, സോമമദ്യം എന്നിവയെ പോലും ഇന്തോ ആര്യ ന്മാർ വണങ്ങുന്നത്. മരണത്തിനുശേഷം സുഖവും സമാധാനവും കിട്ടാനല്ല, ജീവിതകാലത്ത് സ ർവൈശ്വര്യങ്ങളും സർവ സുഖങ്ങളും കിട്ടാൻ വേണ്ടിയാണ്.

ഋതത്തിൽ ഗോത്ര നീതിയുടെ കൂട്ടായ്മയും സമത്വവും സാഹോദര്യവും അകൃത്രിമമായ ലാളി ത്യവും അടങ്ങിയിരിക്കുന്നു. ഗോത്ര സമൂഹത്തിന്റെ കൂട്ടായ്മയുടെ കരുത്ത് വർധിപ്പിക്കാൻ ഉതകു ന്നതാണ് ഋത സങ്കൽപമെന്നർഥം. ലേഖകൻ ഉദ്ധരിക്കുന്ന മാക്ഡൊണൽ തന്നെ ഋതത്തെ വിശേ ഷിപ്പിക്കുന്നത് 'ഭൗതികവും ധാർമികവുമായ നിയമം' എന്നാണ്. ഈ നൈതികവും ഭൗതികവുമായ നിയമം തൊട്ടറിഞ്ഞ് ജീവിച്ചിരുന്നതുകൊണ്ട് ഋഗ്വേദകാലത്തെ ഇന്തോ-ആര്യൻ സമൂഹത്തെ ഋത ബന്ധസമൂഹമെന്ന് വിശേഷിപ്പിക്കാം. മറ്റെല്ലാ ദേവന്മാരെയും പോലെ വരുണനും ഋതപാലകനാ ണെന്നിരിക്കെ, വരുണനെങ്ങനെ വേദസമൂഹത്തിന്റെ സർവോന്നത സ്ഥാനത്തിരിക്കുന്ന ഋതത്തി ന്റെ മുമ്പിൽ ഈശ്വരനായിരിക്കാൻ കഴിയും? ആശയവാദപരമായ ഏതുതരം ജൽപനങ്ങളെയും അസ്തശക്തമാക്കാൻ സമർഥമായ പടച്ചട്ടയാണ് ആശയഗത്യാ, സ്വഭാവഗത്യാ ഋതമണിഞ്ഞിരിക്കു ന്നത്. അതുകൊണ്ടാണ് ഋതത്തെ ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക് അട്ടിമറിക്കാൻ മാക്ഡൊ ണലിനോ എസ്. രാധാകൃഷ്ണനോ അവരെ പിൻപറ്റി നിൽക്കുന്ന കുഞ്ഞിമുഹമ്മദ് വേങ്ങരക്കോ സാധ്യമാകാത്തത്.

വൃദ്ധി, ക്ഷയം, പതനം തുടങ്ങിയ പരിണാമ ദശകളിലൂടെ കടന്നുപോയി, ഒടുക്കം (ഋഗ്വേദാവ സാനത്തിൽ) വെറുമൊരു ജലദേവതയായി മാറുന്ന വരുണനെങ്ങനെ വൈഷ്ണവരുടെയും ഭാഗവ തന്മാരുടെയും പ്രഭവ സ്ഥാനമാകും? പിൽക്കാലത്തുണ്ടായ ഭക്തികാവ്യങ്ങളും തദനുസൃതമായി സമൂഹത്തിലുണ്ടായ പ്രാചുര്യവും അതിനനുസരിച്ച് സമൂഹത്തിൽ ഉയർന്നുവന്ന ഭക്തിപ്രസ്ഥാന ങ്ങളും അതിന്റെ പിന്നിൽ ആസൂത്രിതമായി പ്രവർത്തിച്ച ബ്രാഹ്മണഗണവുമാണ് അവ ആവിർഭവി ക്കാനും വളരാനും ഇടയാക്കിയത്. ■

# സംവാദം

ഗോപിനാഥ് മേപ്പയിലിന്റെ പ്രതികരണത്തിന് മറുപടി

## ഋതത്തിന്റെ നാനാർഥങ്ങൾ

**സി. കുഞ്ഞിമുഹമ്മദ് വേങ്ങര**

'**വരുണനവും** ഋതവും' എന്ന എന്റെ ലേഖനത്തിന് ഗോപിനാഥ് മേപ്പയിലിന്റെ പ്രതികരണം കണ്ടു. ആദ്യം ഋതത്തെക്കുറിച്ച അദ്ദേഹത്തിന്റെ പരാമർശമെടുക്കാം. 'ഇംഗ്ലീഷിലെ റിഥ(Rhythm)ത്തെ പോലെ പ്രപഞ്ചത്തിന്റെ താളമാണ് ഋതം. മനുഷ്യന്റെ മാത്രമല്ല ദേവന്മാരുടെയും പക്ഷികളുടെയും ജീവിത താളമാണ് ഋതം.'

ഞാനെന്റെ ലേഖനത്തിലെഴുതിയതെന്താണെന്ന് കാണുക: 'വരുണൻ ഏതിന്റെ സൂക്ഷിപ്പുകാരനാണോ ആ നിയമത്തിന്റെ പേരാണ് ഋതം. ഋതമെന്നാൽ പ്രപഞ്ചത്തിലെ വ്യവസ്ഥിതത്വം എന്നർഥം. പ്രപഞ്ചം, സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ, പ്രഭാതം, സായം സന്ധ്യ, പകൽ, രാത്രി എന്നിവയുടെ വ്യവസ്ഥാപിത മാർഗം എന്നായിരുന്നു ഋതമെന്ന വാക്കിന്റെ പ്രാഥമികമായ അർഥം. ക്രമത്തിൽ അത് മനുഷ്യൻ ആചരിക്കേണ്ട സദാചാര മാർഗവും ദേവന്മാർ പോലും പാലിക്കുന്ന ധാർമിക നിയമവുമായിത്തീർന്നു എന്നു പറഞ്ഞാൽ ചരാചര പ്രപഞ്ചത്തിന്റെ താളം തന്നെ. മനുഷ്യർ മുതൽ ദേവന്മാർ വരെ അനുഷ്ഠിക്കേണ്ട സദാചാര മാർഗവും. ഒന്നുകൂടി തെളിയിച്ച് പറയട്ടെ, ലോകത്ത് ക്രമബദ്ധമായ എന്തെല്ലാമുണ്ടോ അതിന്റെ തത്ത്വമത്രെ ഋതം.

എല്ലാ പരിണാമ പ്രക്രിയകളിലും അവികാരികമായി നിലകൊള്ളുന്ന നിത്യസത്യമാകുന്ന ഋതത്തിന്റെ നിഴലോ പ്രതിബിംബമോ ആണ് അനുഭവവിഷയമായ പ്രപഞ്ചം. വിശേഷത്തേക്കാൾ മുമ്പ് സാമാന്യം ഉണ്ട്. അതിനാൽ എല്ലാ ഇന്ദ്രിയ ഗോചരങ്ങളുടെയും രൂപം കൊള്ളലിന് മുമ്പ് ഋതം നിലനിൽക്കുന്നതായി വൈദിക ഋഷികൾ കരുതുന്നു. നിത്യമായ ഋതത്തിന്റെ മാറിവരുന്ന മൂർത്തീമൽഭാവങ്ങൾ മാത്രമാണ് പ്രപഞ്ചത്തിലെ പരിണാമ പരമ്പര. അതിനാൽ എല്ലാറ്റിന്റെയും പിതാവമെന്ന് ഋതം വ്യവഹരിക്കപ്പെടുന്നു. മരുത്തുകൾ ദൂരെ ഋതത്തിന്റെ സ്ഥാനത്ത് നിന്നത്രെ വരുന്നത്.

പരിണാമ രഹിതമായ ഒരു സത്തയെക്കുറിച്ചുള്ള രഹസ്യാവബോധപരമായ സങ്കൽപത്തിന്റെ ആദിമ സ്ഫുരണങ്ങൾ ഇവിടെ കാണാം. അപരിണാമിയായ നിയമമത്രെ യഥാർഥം. പ്രത്യക്ഷമായ പ്രപഞ്ചമാകട്ടെ അസ്ഥിരമായ ഒരു പ്രദർശനവും അപൂർണമായ ഒരു പകർപ്പും മാത്രമാകുന്നു. നാനാരൂപേണ കാണുന്ന പ്രപഞ്ചം മാറുകയും ഇല്ലാതാവുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ വ്യവസ്ഥാപിതത്വം ഏറെ താമസിയാതെ ഒരു പരമേശ്വരന്റെ സദാചാരം, ധർമം എന്നിവയെ സംബന്ധിച്ച നിയമവുമായി പരിണമിക്കുന്നു.'

ഋതം ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക് അട്ടിമറിക്കാൻ മാക്ഡോണലിനോ രാധാകൃഷ്ണനോ അവരെ പിൻപറ്റിനിൽക്കുന്ന കുഞ്ഞിമുഹമ്മദിനോ കഴിയില്ലെന്ന ഗോപിനാഥിന്റെ പരാമർശവും മേൽ കൊടുത്തതും ചേർത്ത് വായിക്കുക. കൂട്ടത്തിൽ അദ്ദേഹം തന്നെ ഉദ്ധരിക്കുന്ന മാക്ഡോണൽ തന്നെ ഋതത്തെ വിശേഷിപ്പിക്കുന്നത് ബൗദ്ധികവും ധാർമികവുമായ നിയമം എന്നാണ്. ധാർമിക നിയമം എന്ന് പറയുന്നതിന് ആത്മീയമായി ബന്ധമൊന്നുമില്ല എന്നാണ് ഗോപിനാഥ് ധരിച്ചിരിക്കുന്നത്. എന്നാൽ ധാർമിക നിയമത്തെയാണ് വിശ്വാസികൾ ആത്മീയമായി കാണുന്നത്.

കുറിപ്പുകാരൻ തുടരുന്നു: "ഋതം സാക്ഷാത്കരിക്കാൻ വേണ്ടി അവനവൻ ചെയ്യുന്ന പ്രവൃത്തികളാണ് വ്രതം. വ്രതം തെറ്റിയാൽ ഋതം കൈവിട്ട് പോകും. ഈ വ്രതം തങ്ങളുടെ ജീവിത വൃത്തിയായി കണ്ടതുകൊണ്ടാണ് ജീവിതത്തിന്റെ സമസ്ത ഘട്ടങ്ങളിലും പക്ഷികളും ദേവതകളുമടക്കമുള്ള എല്ലാറ്റിനെയും ഉലക്ക, ഉരൽ, സോമം ചതക്കുന്ന പടിക്കല്ല്, സോമമദ്യം എന്നിവയെ

പോലും ഇന്ദ്രോ ആര്യന്മാർ വണങ്ങുന്നത്. മരണത്തിന് ശേഷം സുഖവും സമാധാനവും കിട്ടാനല്ല, ജീവിതകാലത്ത് സർവൈശ്വര്യങ്ങളും സർവ സുഖങ്ങളും കിട്ടാൻ വേണ്ടിയാണ്.'' ഋതം ഒരു ആദർശ ജീവിതവും തദനുസൃതമായ ഒരു സദാചാര ജീവിത ക്രമവുമാണെന്ന് ഋഗ്വേദം പറഞ്ഞുതരുന്നത് ഗോപിനാഥ് കണ്ടില്ലെന്ന് തോന്നുന്നു. ''ഋതം നമുക്കൊരു സദാചാരമാനദണ്ഡം നൽകുന്നുണ്ട്. വസ്തുക്കളുടെ സാർവലൗകിക സാരമത്രെ അത്. പദാർഥങ്ങളുടെ സത്യവും അതുതന്നെ. അനൃതം അഥവാ അവ്യവസ്ഥ സത്യത്തിന്റെ എതിരാണ്. അഥവാ കപടമാണ്.'' [1]

ഋതമാർഗത്തിൽ സഞ്ചരിക്കുന്നവർ– സത്യസന്ധരും വ്യവസ്ഥിതരുമാകുന്ന നല്ലവർ ക്രമാനുസൃതമായ പെരുമാറ്റത്തെ സത്യവ്രതമെന്ന് വിളിക്കുന്നു. ഋതമാർഗത്തിലൂടെ ചലിക്കുന്ന നല്ല മനുഷ്യരുടെ ജീവിത സമ്പ്രദായങ്ങളാണ് വ്രതങ്ങൾ.[2]

പരസ്പര പൊരുത്തമത്രെ നല്ല ജീവിതത്തിന്റെ കേന്ദ്ര സവിശേഷത. വേദങ്ങൾ നല്ല മനുഷ്യരുടെ ലക്ഷണങ്ങളായി കാണുന്നത് അയാൾ തന്റെ പെരുമാറ്റം കൂടെ കൂടെ മാറ്റുന്നില്ല എന്നതാണ്. ഋതം അനുഷ്ഠിക്കുന്നവർക്ക് സമ്പൂർണ മാതൃകയായ വരുണൻ ധൃത വ്രതനാകുന്നു. സ്വന്തം പ്രവർത്തന സമ്പ്രദായങ്ങൾ മാറ്റാത്തവനാകുന്നു. ഇനി സദാചാര ജീവിതത്തെ പറയുന്നത് കാണുക. സദാചാരികൾ ദേവതകളോട് പ്രാർഥിക്കണം. മതചടങ്ങുകൾ അനുഷ്ഠിക്കുകയും വേണം.[3]

മനുഷ്യരും ദേവതകളും തമ്മിൽ അടുത്തതും ആന്തരവുമായ ബന്ധമുണ്ടെന്ന് വേദങ്ങൾ കരുതുന്നു. ഈശ്വരന്റെ കണ്ണിന് നേരെ ചുവട്ടിൽ വേണം മനുഷ്യന് ജീവിതം നയിക്കാൻ. ദേവന്മാരോടുള്ള കടമകൾക്ക് പുറമെ മനുഷ്യന് മനുഷ്യരോടും കടമകളുണ്ട്.[4]

എല്ലാവരോടും ദയ കാണിക്കണമെന്ന് അനുശാസിക്കുന്നു. ആതിഥേയത്വം ഒരു വലിയ ഗുണമായാണ് കരുതപ്പെട്ടിരുന്നത്. 'ദാനം ചെയ്യുന്നവന്റെ ധനം കുറയുന്നില്ല. കൈയിൽ ഭക്ഷണമുണ്ടായിരുന്നിട്ടും ഭക്ഷണം കൊതിച്ച് വരുന്ന ദുർബലനായ മനുഷ്യനും സഹായം തേടിവരുന്ന അശരണനുമെതിരായി സ്വന്തം ഹൃദയം കഠിനമാക്കുകയും അവന്റെ മുമ്പിൽ വെച്ച് തന്നെ സ്വയം സുഖിക്കുകയും ചെയ്യുന്ന മനുഷ്യനെ ആശ്വസിപ്പിക്കാൻ ആരുമുണ്ടായില്ല.[5]

വശീകരണം, മന്ത്രവാദം, ചാരിത്രഹരണം, വ്യഭിചാരം എന്നിവ പാപങ്ങളെന്ന് നിന്ദിക്കപ്പെട്ടിരിക്കുന്നു.[6]

ചൂതുകളിയും പഴിക്കപ്പെട്ടിട്ടുണ്ട്. ഈശ്വര നിയമം അനുസരിക്കലാണ് പുണ്യം. അതിൽ മനുഷ്യസ്നേഹവും ഉൾപ്പെടുന്നു. ഈ നിയമത്തെ അനുസരിക്കാതിരിക്കലത്രെ പാപം. 'ഞങ്ങളെ സ്നേഹിക്കുന്നവനെതിരായി ഞങ്ങൾ പാപം പ്രവർത്തിച്ചിട്ടുണ്ടെങ്കിലോ, അയൽപക്കക്കാരെയോ അപരിചിതരെപ്പോലുമോ ദ്രോഹിച്ചിട്ടുണ്ടെങ്കിലോ ആ ദുരിതത്തിൽനിന്ന് ഹേ വരുണാ ഞങ്ങളെ മോചിപ്പിക്കേണമേ.' [7]

ഋതത്തിന് വേറെയും അർഥങ്ങളുണ്ട്. 'വേദത്തിൽ ഉപയോഗിച്ചിട്ടുള്ള പല വാക്കുകളുടെയും അർഥം ഇപ്പോൾ നിലവിലിരിക്കുന്നതല്ലെന്ന് പ്രസിദ്ധമാണല്ലോ. ആ വാക്കുകളിൽ അടങ്ങിയിട്ടുള്ള ആശയങ്ങളും മനസ്സിലാക്കാൻ ഇന്നുള്ളവർക്ക് വൈഷമ്യമുണ്ട്. ഏതർഥത്തിലാണ് അവയെ ഋതികൾ ഉപയോഗിച്ചിട്ടുള്ളതെന്ന് തീർത്തു പറയുക ഇപ്പോൾ സാധ്യമല്ലാതായിരിക്കുന്നു. ചില പ്രധാന പദങ്ങൾ നോക്കാം. ഋഗ്വേദത്തിലെ ഏറ്റവും പ്രധാനമായ ഒരു പദമാണ് ഋതം. അതിന് സത്യം, ജലം, പ്രജോൽപാദനം, രേതസ്സ്, യജ്ഞം എന്നൊക്കെയാണ് യാസ്കന്റെ അർഥം. സായണൻ ഇതിലും വ്യാപകമായിട്ടാണ് ഋതത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്.

ഇങ്ങനെ നോക്കിയാൽ ഋതത്തെ ഇഷ്ടം പോലെ വ്യാഖ്യാനിച്ചിരിക്കുകയാണ് ഭാഷ്യക്കാർ ചെയ്തിട്ടുള്ളതെന്ന് കാണാം. ഋതേന ഋതം ധരുണം ധാരയന്തം ഇത്യാദിയായുള്ള ഋക്കിന് സൂര്യബിംബത്തെ ജലം കൊണ്ട് മൂടിയിരിക്കുന്നു എന്നാണ് സായണ വ്യാഖ്യാനം. അതായത് ഒരേ ഋക്കിൽ ഋതത്തെ രണ്ടർഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. മിത്രാ വരുണന്മാരെ ഋതവർദ്ധകർ എന്ന് വർണിച്ചിട്ടുണ്ട്. ആ വിശേഷണം അവർക്ക് വേദത്തിൽ സാധാരണമാണ്. ഈ ദേവന്മാർ ലോക സത്യത്തെ നിലനിർത്തുന്നവരാണെന്ന അർഥമാണ് ഏറ്റവും യുക്തം. ജലം വർധിപ്പിക്കുന്നവർ, യജ്ഞം വർധിപ്പിക്കുന്നവർ എന്നൊക്കെയുള്ള അർഥം വ്യാഖ്യാന കൽപിതമാകുന്നു' (ഋഗ്വേദ സംഹിത– ഭാഗം ഒന്ന്, ഒന്നാം മണ്ഡലം പേജ് 10,11– വിവർത്തനം വള്ളത്തോൾ).

മേൽ സൂചിപ്പിച്ച യുക്തമായ അർഥമാണ് ഞാനെന്റെ ലേഖനത്തിന് തെരഞ്ഞെടുത്തത്. അതാകട്ടെ യാസ്കന്റെ നിരുക്തത്തിന് പ്രൗഢമായ അവതാരിക എഴുതിയ മാക്സ് മുള്ളർ മുതൽ വേദത്തെക്കുറിച്ച് നിശിതമായ പഠനം നടത്തിയ പ്ലൈഡെറർ, പിക്റ്ററ്റ്, റോത്ത് മുതലായ പാശ്ചാത്യ

പണ്ഡിതരും യാസ്കൻ, ശയണൻ, അരവിന്ദ ഘോഷ്, രാം മോഹൻ റായ്, ദയാനന്ദ സരസ്വതി തുടങ്ങിയ ഭാരതീയ വേദപണ്ഡിതരും തലമുറകളായി കൈമാറി വന്ന ഋഗ്വേദ ആശയങ്ങളെ കോർത്തിണക്കി അവതരിപ്പിച്ച പഠനങ്ങളെ മുൻനിർത്തി ഡോ. രാധാകൃഷ്ണൻ രചിച്ച ഭാരതീയ ദർശനം എന്ന ഗ്രന്ഥത്തിലെ വരുണനെയും വരുണന്റെ പ്രാപഞ്ചികവും ധാർമികവുമായ ഋതത്തെയും പറ്റി (പേജ് 56–59)യുള്ള വിവരണത്തെയാണ് ഞാൻ എന്റെ ലേഖനത്തിന് അവലംബമാക്കിയത്. വളരെ സാധാരണക്കാരനായ ഞാൻ മാത്രമല്ല പണ്ഡിതന്മാരായ പലരും ആശയ പ്രകാശനത്തിന് മേൽ പറഞ്ഞവരുടെ പഠനങ്ങളെയാണ് ആശ്രയിക്കുന്നത്. ഗോപിനാഥിന് ഇതിനോട് വിയോജിക്കാം. അത് അദ്ദേഹത്തിന്റെ അഭിപ്രായ സ്വാതന്ത്ര്യം. എനിക്കാകട്ടെ എന്റെ അഭിപ്രായ സ്വാതന്ത്ര്യവും. ഇനി സോമ, ഇന്ദ്രൻ, ദ്രവണം തുടങ്ങിയ വാക്കുകളെക്കുറിച്ച് ചിലത് പറയാം. ജ്ഞാനികൾ അറിയുന്ന സോമയെ ഭൂലോകത്തിലുള്ളവരാരും പാനം ചെയ്യുന്നില്ല. സൂചകങ്ങളായ പ്രവൃത്തികളെ കൊണ്ട് മറക്കപ്പെട്ടതും ഗന്ധർവന്മാരാൽ രക്ഷിക്കപ്പെട്ടതും. സോമ ഇടിച്ച് പിഴയുമ്പോൾ ആ ശബ്ദം കേട്ട് നിൽക്കുന്നതുമായ വാസ്തവമായ സോമയെ ആരും പാനം ചെയ്യുന്നില്ല തന്നെ (8.5.20.3 ഋഗ്വേദം).

സോമ പവതേ എന്ന ഋക്കിന്റെ അർഥം ഇതാകുന്നു. ബുദ്ധി, മൂന്നാമത്തെ ലോകം, ഭൂമി, അഗ്നി, സൂര്യൻ, ഇന്ദ്രൻ, വിഷ്ണു ഇത്യാദികളുടെ ജനയിതാവാണ് സോമൻ എന്നാണ് കാണുന്നത് (7.4.6.3 ഋഗ്വേദം). ഇത്തരത്തിൽ വേറെയും മന്ത്രങ്ങൾ അനേകമുണ്ട്. ഇനി വൃത്രവധമെന്നാൽ എന്തെന്ന് നോക്കാം. ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി മുതലായ അനേകം ദേവതകളെ, വൃത്രനെ ഹനിക്കുന്നവരായി മന്ത്രങ്ങളിൽ കാണാം. പക്ഷേ വൃത്രഹന്താവായി പ്രസിദ്ധിയുള്ളത് ഇന്ദ്രനാണ്. അതിനാൽ ഇന്ദ്ര ശബ്ദത്തിന്റെ അർഥമെന്ത് എന്നു നോക്കണമല്ലോ. "പുരുഹൂതം. പുരുഷ്ടൃതം (6.6.15.2) എന്ന ഋഗ്വേദമന്ത്രത്തിൽ സനാതനമായി എന്തെന്നു കേൾക്കപ്പെടുന്നുവോ അതാണ് ഇന്ദ്രൻ എന്ന് കാണുന്നു. വേറെ ഒരു മന്ത്രത്തിൽ (6.6.21.5) നാശമുള്ള വസ്തുക്കളിൽ നാശരഹിതമായി എന്തൊന്നുണ്ടോ അതാണ് സത്യമായി ഇന്ദ്രൻ എന്നും പറയുന്നു. ഐതരേയാരണ്യകത്തിൽ 'ഇദമദർശം' എന്ന് തുടങ്ങിയ വാക്യത്തിൽ ആത്മസാക്ഷാത്കാരമാണ് ഇന്ദ്ര ശബ്ദാർഥമെന്ന് കാണുന്നുണ്ട്. പുരാണ പ്രസിദ്ധമായ ഇന്ദ്രൻ മാത്രമല്ല വേദത്തിലുള്ളതെന്ന് ചുരുക്കം.

ദ്രവണമെന്നാൽ ധനമെന്നാകുന്നു അർഥം. ദ്രവണം തരേണമേ എന്നുള്ള പ്രാർഥന വേദത്തിൽ ധാരാളമുണ്ട്. ആ വക പ്രാർഥനകളിൽ ദ്രവണ ശബ്ദത്തിന് വ്യാപകമായ അർഥവിശേഷമുണ്ടെന്ന് തോന്നിപ്പോകും. 'ബ്രഹസ്വതേ അതിയ ദര്യോ അർഹാൽ' (2.6.31.5 ഋഗ്വേദം) എന്നതിന്റെ അർഥമിതാകുന്നു. ശ്രേഷ്ഠനായവൻ യാതൊന്നിനെ എല്ലാറ്റിനേക്കാളുമധികം പൂജിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുവോ, യാതൊന്നും ജനങ്ങളിൽ ജ്ഞാനത്തോടും ദീപ്തിയോടും കൂടി പ്രകാശിക്കുന്നുവോ യാതൊന്ന് സ്വബലം കൊണ്ട് തന്റെ ആശയത്തെ പ്രകാശിപ്പിക്കുന്നുവോ, ആ വിചിത്രമായ ദ്രവണത്തെ അല്ലയോ സത്യത്തിന് വേണ്ടി ജാതനായ ബ്രഹസ്പതേ! ഞങ്ങൾക്ക് തന്നാലും. ഇവിടെ ഈ ദ്രവണ ശബ്ദത്തിന് ബ്രഹ്മവർച്ചസം അല്ലെങ്കിൽ ബ്രഹ്മ തേജസ്സ് എന്നാണ് സായണൻ കൽപിച്ചിട്ടുള്ള അർഥം (വേദം ധർമ്മമൂലം, വി.കെ നാരായണ ഭട്ടതിരി, പേജ് 6,7). നേർക്കു നേരെ തന്നെ അർഥം കൽപിച്ചാൽ ജീവിതത്തിന്റെ അടിയാധാരമായി കരുതുന്ന പശു, കൃഷി, ധനം തുടങ്ങിയവക്ക് വേണ്ടിയുള്ള പ്രാർഥന എങ്ങനെ മോശമാകും. ദൈവത്തിന്റെ കഴിവും തന്റെ നിസ്സഹായവസ്ഥയുമാണ് പ്രാർഥനയിലൂടെ പ്രകടമാകുന്നത്. ദൈവാനുഗ്രഹത്തിന് വേണ്ടിയുള്ള തേട്ടം ആരാധനയാണ്. അത് ആത്മീയവുമാണ്.

ഇനി ദേവതകളെ പററി അൽപം മാത്രം. എത്ര തന്നെ അവ്യക്തമോ പ്രാകൃതമോ ആയിരുന്നാലും ഒരുതരം ഏക ദേവതാ വാദമാണ് ഋഗ്വേദാര്യന്മാർക്കുണ്ടായിരുന്നതെന്ന് പിക്റ്റെറ്റ് (Pictet) വാദിക്കുന്നു. റോത്ത് (Roth), ആര്യ സമാജ സ്ഥാപകനായ ദയാനന്ദ സരസ്വതി എന്നിവർ ഈ വീക്ഷണത്തോട് യോജിക്കുന്നു. "പരമേശ്വരനിൽ ആരോപിക്കപ്പെട്ട ഗുണങ്ങളുടെ അന്യാപദേശരീതിയിലുള്ള ചിത്രീകരണങ്ങൾ" ആണ് വൈദിക ദേവതകളെന്ന് രാം മോഹൻ റായ് കരുതുന്നു. ബ്ലൂംഫീൽഡ് അടക്കം മറ്റു ചിലരുടെ അഭിപ്രായത്തിൽ കർമകാണ്ഡച്ചടങ്ങുകൾക്ക് അത്യന്തം പ്രാധാന്യം ആരോപിച്ചുവന്ന ഒരു പുരാതന ജനവർഗത്തിന്റെ യാഗസംബന്ധികളായ രചനകളാണ് ഋഗ്വേദ സൂക്തങ്ങൾ. അവ എല്ലാം തന്നെ അന്യാപദേശപരങ്ങളാണെന്ന് ബെർഗെയ്ൻ വിശ്വസിക്കുന്നു. പ്രസിദ്ധ ഭാരതീയ ഭാഷ്യകാരനായ സായണൻ ഋഗ്വേദ സൂക്തങ്ങളിലെ ദേവതകൾക്ക് നൽകുന്നത് പ്രകൃതി പ്രതിഭാസ സംബന്ധിയായ ഒരു വ്യാഖ്യാനമാണ്. വ്യത്യസ്തങ്ങളായ ഈ അഭിപ്രായങ്ങൾ പരസ്പര വിരുദ്ധങ്ങളെന്ന് കരുതപ്പെടേണ്ടതില്ല. ഋഗ്വേദ സംഹിതയിലെ ഉള്ളടക്കത്തിന്റെ

സങ്കര സ്വഭാവത്തെ മാത്രമേ അവ ചൂണ്ടിക്കാണിക്കുന്നുള്ളൂ. പ്രപഞ്ചത്തിന്റെ അർഥത്തെക്കുറിച്ചും മനുഷ്യന് അതിലുള്ള സ്ഥാനത്തെക്കുറിച്ചുമുള്ള ബോധപൂർവമായ വിചിന്തനത്തിന്റെ പരിണതഫലങ്ങൾ ഉൾക്കൊള്ളുന്ന ചില സൂക്തങ്ങളും ഋഗ്വേദത്തിൽ പ്രത്യേകിച്ച്, അതിന്റെ അവസാനത്തെ മണ്ഡലത്തിൽ കാണാം. ഏകദേവതാ വാദമാണ് ചില ഋഗ്വേദ സൂക്തങ്ങളുടെ സവിശേഷത. ഒരേ പ്രപഞ്ച സത്തയുടെ വ്യത്യസ്തങ്ങളായ പേരുകളും ആവിഷ്കരണങ്ങളുമായി പല ദേവതകളും ചിലപ്പോൾ കണക്കാക്കപ്പെട്ടുവെന്നതിൽ സംശയമില്ല. ഋഗ്വേദം i 164-46, 170-71 നോക്കുക (ഭാരതീയ ദർശനം പേജ് 48).

'യജദേവ പൂജ സംഘതികരണ ദാനേഷു' എന്ന യജ്ഞ ധാതുവിനാണ് ഞാൻ തമോ ഗുണവും രജോഗുണവും സത്വഗുണവും കൽപിച്ച് കൊടുത്തത്. ഗോപിനാഥ് പറയുന്നതുപോലെ അവിടെ യോഗമാർഗം പരാമർശിക്കേണ്ടതില്ല. ■

**കുറിപ്പുകൾ**

1. ഋഗ്വേദം VII 56.12 IX 114-4 ii-6-10 iv 5.5, viii 6.2 vii 47.3
2. IX 121.1, 37.5
3. IX 104-6 i-108.6 ii 26.3. X 151
4. X-117
5. viii 6.5, i 2.6
6. vii 104.8 മേലോട്ട് iv 5.5
7. v. 85.7 (ഭാരതീയ ദർശനം, പേജ് 88)